20189
15/11/19

File No.FWLD-B2/184/2019-FWLD

'ഭരണഭാഷ - മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

പാലക്കാട് ചിന്മയതപോവൻ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ആവശ്യത്തിന് 20 കിലോഗ്രാം ക്ലാസ് VI ബഗ്രാദാദ് ചന്ദനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.437/2019/വനം തീയതി,തിരുവനന്തപുരം, 31/10/2019

---

പരാമർശം:- 1 13/6/2007-ലെ സ.ഉ.(എം.എസ്) 39/2007/വനം നമ്പർ സർക്കാർ ഉത്തരവ്.

2 03/8/2017 തീയതിയിലെ സ.ഉ (സാധാ) നം.295/2017/വനം നമ്പർ സർക്കാർ ഉത്തരവ്.

3 പാലക്കാട് ചിന്മയ തപോവനത്തിലെ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ചീഫ് എക്സിക്യൂട്ടീവിന്റെ 07/08/2019 തീയതിയിലെ നിവേദനം.

4 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 17/10/2019 തീയതിയിലെ പ്രൊ(5)-102244/2019 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ചിന്മയതപോവനത്തെ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിന് പൂജാദികർമ്മങ്ങൾക്ക് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 20 കിലോ ചന്ദനം അനുവദിച്ചിരുന്നു. പ്രസ്തുത ചന്ദനത്തിന്റെ സ്റ്റോക്ക് തീരാറായി എന്നും 20 കിലോഗ്രാം ചന്ദനം കൂടി അനുവദിക്കണമെന്നും, ക്ഷേത്ര ട്രസ്റ്റ് ചീഫ് എക്സിക്യൂട്ടീവ് പരാമർശം 3) പ്രകാരം അപേക്ഷിച്ചിട്ടുണ്ടെന്നും, 2017 - ൽ ടി ക്ഷേത്രത്തിന് അനുവദിച്ചത് ക്ലാസ്സ് - VI ബഗ്രാദാദ് ഇനത്തിൽപ്പെട്ട ചന്ദനമാണെന്നും, മറയൂർ ചന്ദന ഡിപ്പോയിൽ ടി ഇനത്തിൽപ്പെട്ട ചന്ദനത്തിന്റെ സ്റ്റോക്ക് നിലവിലുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം 4) പ്രകാരം അറിയിച്ചിരുന്നു.

2) മറയൂർ ചന്ദന ഡിപ്പോയിൽ നിന്നും 20 കി. ഗ്രാം ക്ലാസ്സ് VI ബഗ്രാദാദ് ചന്ദനം, ഏറ്റവും ഒടുവിൽ നടന്ന ലേലത്തിൽ ആ ക്ലാസിന്റെ ശരാശരി വിലയുടെ 125% വിലയായും, 21% സെന്റേജ് ചാർജ്, 5% വന വികസന നികുതി, ജി.എസ്.റ്റി, മറ്റ് നിയമാനുസൃത നികുതികൾ എന്നിവ ഈടാക്കിക്കൊണ്ട് പരാമർശം 1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പാലക്കാട് ചിന്മയതപോവൻ ശ്രീഗുരുവായൂരപ്പൻ

ക്ഷേത്രത്തിന് അനുവദിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം 4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായി. പരാമർശം 1) ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി മറയൂർ ചന്ദന ഡിപ്പോയിൽ നിന്നും 20 കിലോഗ്രാം ക്ലാസ് VI ബഗ്രാദാദ് ചന്ദനം, ഏറ്റവും ഒടുവിൽ നടന്ന ലേലത്തിൽ ആ ക്ലാസിന്റെ ശരാശരി വിലയുടെ 125% വിലയായും, 21% സെന്റേജ് ചാർജ്, 5% വന വികസന നികുതി, ജി.എസ്.റ്റി, മറ്റ് നിയമാനുസൃത നികുതികൾ എന്നിവ ഈടാക്കിക്കൊണ്ട് പാലക്കാട് ചിന്മയതപോവനത്തെ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ആവശ്യത്തിനായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുല്ഫിക്കർ റഹ്മാന്.എ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് ആന്റ് റിസോഴ്സസ്/ ഫോറസ്ററ് മാനേജ്മെന്റ്), തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ്, ചിന്മയ തപോവൻ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രം, പി.ബി.നമ്പർ.5, പാലക്കാട്-678 001.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ് / എ &ഇ), കേരള, തിരുവനന്തപുരം.

I & PRD വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.10.31 14:20:02 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. വനം വകുപ്പ് മന്ത്രിയുടെ പി.എസ്
വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്